## പതിനാലാം കേരള നിയമസഭ

### ഒമ്പതാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.33 | 24.01.2018- ൽ മറുപടിയ്ക്ക് |

### ജി.എസ്.ടി. വരുമാനനഷ്ടം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.ടി. വി. ഇബ്രാഹിം<br>,, ടി.എ.അഹമ്മദ് കബീർ<br>,, മഞ്ഞളാംകുഴി അലി<br>,, എൻ .എ.നെല്ലിക്കുന്ന് | | ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ വരുമാന നഷ്ടം ഉണ്ടായിട്ടുണ്ടോ;എങ്കിൽ വിശദീകരിക്കാമോ; | (എ) | വരുമാന നഷ്ടം ഉണ്ടായിട്ടില്ല. എന്നാൽ സംസ്ഥാനത്ത് ജി.എസ്.ടി നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധന ഉണ്ടായിട്ടില്ല. ജി.എസ്.ടി സോഫ്റ്റ് വെയർ പൂർണ്ണമായി പ്രവർത്തനക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചിട്ടുള്ളതുപോലെയുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിനുണ്ടായിട്ടുള്ള കാലതാമസം ഐ.ജി.എസ്.ടി ഫണ്ട് സെറ്റിൽമെന്റിനെ സാരമായി ബാധിച്ചിട്ടുള്ളതിനാൽ പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതിപിരിവിനെ ഇത് സാരമായി ബാധിച്ചിട്ടുണ്ട്. കഴിഞ്ഞ ബഡ്ജറ്റിൽ വിഭാവനം ചെയ്ത രീതിയിൽ 25% നികുതി വർദ്ധന സംസ്ഥാനത്തിന് കൈവരിക്കാൻ സാധിച്ചിട്ടില്ല. |
| (ബി) | എത്ര തുകയാണ് നഷ്ടപരിഹാരമായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടത്; | (ബി) യും (സി) യും (ഡി) യും | ജി.എസ്.ടി.യിൽ സംസ്ഥാനങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നത് ജി.എസ്.ടി കോമ്പൻസേഷൻ ആക്റ്റിന്റെ അടിസ്ഥാനത്തിലാണ്. നഷ്ടപരിഹാരം സംസ്ഥാനങ്ങൾ ആവശ്യപ്പെടേണ്ടതില്ല. ഒരു നിശ്ചിത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നഷ്ടപരിഹാരം |
| (സി) | അതിൽ എത്ര തുക ലഭിച്ചുവെന്ന് അറിയിക്കാമോ; | | |
| (ഡി) | ഈ വരുമാനനഷ്ടം എപ്രകാരം | | |

| | | | |
|---|---|---|---|
| | നികത്താനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | നൽകുന്നത്. 2015-16 ലെ നികുതി വരുമാനമാണ് ഇതിന് കണക്കാക്കുന്നത്. 2015-16 ലെ കളക്ഷന്റെ 14% വാർഷിക വർദ്ധനവ് കണക്കാക്കി 2017-18 ൽ കേരളത്തിന് അർഹതപ്പെട്ട ദ്വൈമാസ തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ദ്വൈമാസക്കണക്കിൽ നഷ്ടപരിഹാരത്തിന്റെ ആദ്യ രണ്ട് ഗഡുക്കളായി ജൂലൈ- ആഗസ്റ്റ് മാസങ്ങളിലേയ്ക്ക് 810 കോടി രൂപയും സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിലേയ്ക്ക് 395 കോടി രൂപയും സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. മേല്പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നികുതിനഷ്ടം ഉണ്ടായതായി കരുതാനാവില്ല. |

**സെക്ഷൻ ഓഫീസർ**